# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3190** **07.02.2018-ൽ മറുപടിയ്ക്ക്**

## ഹാനികരമായ രാസവസ്തുക്കൾ മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യം കേടാകാതിരിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകൾ. ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യക്കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചപ്പോൾ ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കണ്ടെത്തിയതിനെ തുടർന്ന് ഈ പ്രവൃത്തി ചെയ്ത വ്യാപാരികൾക്ക് ശക്തമായി താക്കീത് നൽകി ബോധവത്കരണവും നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു ശേഷം നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കളുടെ അംശം കണ്ടെത്താനായിട്ടില്ല ഇതു കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാർക്കായി രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവിപണനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത നടപടികൾ കൂടുതൽ ജനങ്ങൾക്ക് ഗുണകരമാവുന്ന രീതിയിൽ നടപ്പിൽ വരുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോയെന്ന് വ്യക്തമാക്കാമോ? | സി) | ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയും നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**